## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.771 01/03/2017-ൽ മറുപടിയ്ക്ക്

### എസ്.സി. എസ്.ടി.കൾക്കുള്ള കേന്ദ്ര ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഒ. രാജഗോപാൽ : | | ശ്രീ. എ. കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി കേന്ദ്ര സർക്കാർ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സംസ്ഥാന സർക്കാരിന് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തുകയാണ് സംസ്ഥാന സർക്കാർ നാളിതുവരെയായി ചെലവഴിച്ചത് ; | (എ) | പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി കഴിഞ്ഞ അഞ്ച് വർഷത്തിൽ 31530.76 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 29160.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>പട്ടികജാതി വികസനവകുപ്പിനെ സംബന്ധിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാനസർക്കാർ വീഴ്ചവരുത്തുന്നതായ ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അനുവദിക്കുന്ന ഫണ്ട് അർഹരായവരുടെ കൈകളിൽ എത്തുന്നതിന് ചിലർ തടസ്സം നിൽക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>അനുവദിക്കുന്ന ഫണ്ട് അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അതീവ ശ്രദ്ധ പുലർത്തി വരുന്നു. വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന തുക അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ